സേവാഭാരതി വാർഷിക പൊതുയോഗം സെപ്റ്റംബർ 8 ന്

തിരുവനന്തപുരം: ദേശീയ സേവാഭാരതി വാർഷിക പൊതുയോഗം സെപ്റ്റംബർ 8 ന് രാവിലെ 9. 30 മുതൽ തൃശ്ശൂർ ഭാരതീയ വിദ്യാഭവൻ ഓഡിറ്റോറിയത്തിൽ നടക്കും. പ്രസിഡന്റ് രഞ്ജിത്ത് വിജയഹരിയുടെ അധ്യക്ഷതയിൽ ചേരുന്ന യോഗത്തിൽ പുതിയ ഭാരവാഹി തെരഞ്ഞെടുപ്പും പ്രതിനിധികൾക്കുള്ള പരിശീലനവും നടക്കും. വയനാട് ദുരന്തബാധിതർക്കായി കേന്ദ്ര-കേരള സർക്കാരുകൾ നടത്തിക്കൊണ്ടിരിക്കുന്ന പുനരധിവാസ പ്രവർത്തനങ്ങൾക്കൊപ്പം ദേശീയ സേവാഭാരതി കേരളഘടകവും ഒത്തുചേരുവാൻ തീരുമാനിച്ചു. പദ്ധതികളുടെ പ്രഖ്യാപനവും കർമ പദ്ധതിയും വാർഷിക പൊതുയോഗത്തിൽ അവതരിപ്പിക്കും.

അങ്കണവാടി വർക്കർ/ ഹെൽപ്പർ

കൊല്ലം: അഞ്ചൽ അഡിഷണൽ ഐസിഡിഎസ് പ്രോജക്റ്റ് പരിധിയിലുള്ള തെന്മല ഗ്രാമപഞ്ചായത്തിലെ അങ്കണവാടി കേന്ദ്രങ്ങളിലെ വർക്കർ/ ഹെൽപ്പർ ഒഴിവുകളിലേക്ക് സ്ഥിര നിയമനത്തിനായി അപേക്ഷ ക്ഷണിച്ചു. അപേക്ഷകർക്ക് 2024 ജനുവരി ഒന്നിന് 46 വയസ് കവിയരുത്, സേവനതൽപരതയും, മറ്റു മതിയായ ശാരീരിക ശേഷിയുള്ളവരും, ഗ്രാമപഞ്ചായത്ത് പരിധിയിൽ സ്ഥിരതാമസമാക്കിയിട്ടുള്ള വനിതകളായിരിക്കണം. അങ്കണവാടി വർക്കർ തസ്തികയിലേക്ക് എസ്എസ്എൽസി പാസായിരിക്കണം. അങ്കണവാടി ഹെൽപ്പർ തസ്തികയിലേക്ക് അപേക്ഷിക്കുന്നവർ എസ്എസ്എൽസി നിർബന്ധമില്ല (എഴുത്തും വായനയും അറിഞ്ഞിരിക്കണം) .പട്ടികജാതി/ പട്ടിക വർഗ്ഗ വിഭാഗങ്ങൾക്ക് ഉയർന്ന പ്രായ പരിധിയിലും, യോഗ്യതയിലും നിയമാനുസൃതമായ ഇളവ് ലഭിക്കും. അവസാന തീയതി: സെപ്റ്റംബർ 20. വിവരങ്ങൾക്ക് അഞ്ചൽ അഡിഷണൽ ഐസിഡിഎസ് ഓഫീസ്, തെന്മല ഗ്രാമപഞ്ചായത്ത് ഓഫീസ്.

തൊഴിൽ പരിശീലനം അപേക്ഷ ക്ഷണിച്ചു

പുനലൂർ: നഗരസഭയിലെ അഭ്യസ്ഥ വിദ്യരായ പട്ടികജാതി യുവജനങ്ങൾക്ക് സർക്കാർ സ്ഥാപനങ്ങളിൽ തൊഴിൽ പരിശീലനം നൽകുന്നതിന് അപേക്ഷ ക്ഷണിച്ചു. ബിഎസ്സി നഴ്സിങ്, ജനറൽ നഴ്സിങ്, എംഎൽടി, ഫാർമസി, റേഡിയോഗ്രാഫർ, എൻജിനിയറിങ്, പോളിടെക്നിക്ക്, ഐടിഐ, അംഗീകൃത തെറപ്പിസ്റ്റുകൾ, സ്പെഷ്യൽ എജ്യൂക്കേറ്റേഴ്സ്, ആയുർവേദ നഴ്സിങ് എന്നീ കോഴ്സുകൾ വിജയിച്ചവർക്കാണ് അവസരം. അപേക്ഷ സെപ്റ്റംബർ 5ന് മുൻപായി പുനലൂർ നഗരസഭാ ആരോഗ്യ വിഭാഗത്തിൽ സമർപ്പിക്കണമെന്ന് ക്ലീൻസിറ്റി മാനേജർ കെ. ജയകുമാർ അറിയിച്ചു.

സീറ്റൊഴിവ്

പുനലൂർ: കേരള സർവകലാശാല നേരിട്ട് നടത്തുന്ന സ്വാശ്രയ സ്ഥാപനമായ ഏരൂർ യുഐടിയിൽ ബിസിഎ, ബികോം, ലോജിസ്റ്റിക്സ് ആൻഡ് സപ്ലൈ ചെയിൻ മാനേജ്മെന്റ്, എം.കോം, ഫൈനാൻസ് കോഴ്സുകളിൽ സീറ്റ് ഒഴിവുണ്ട്. എസ്സിഎസ്ടി ഒബിസി വിഭാഗങ്ങളിൽ ഉള്ളവർക്ക് പഠനം സൗജന്യം. ഫോൺ 9447115023.

കെൽട്രോണിൽ ജേണലിസം കോഴ്സ്

കൊല്ലം: കെൽട്രോണിൽ അഡ്വാൻസ്ഡ് ജേണലിസം കോഴ്സിലേക്ക് ഓഗസ്റ്റ് 30 മുതൽ പ്രവേശനം ആരംഭിക്കും. വിദ്യാഭ്യാസ രേഖകൾ സഹിതം ഹാജരാകണം. പ്രിന്റ്മീഡിയ, ടെലിവിഷൻ, ഡിജിറ്റൽ മീഡിയ, ആർട്ടിഫിഷ്യൽ ഇന്റലിജിൻസ് എന്നിവയിൽ അധിഷ്ഠിതമായ ജേണലിസം, വാർത്താഅവതരണം, ആങ്കറിങ്, വീഡിയോഗ്രാഫി, വീഡിയോ എഡിറ്റിംഗ് തുടങ്ങിയവയിൽ പരിശീലനം ലഭിക്കും. ഇന്റേൺഷിപ്പ്, മാധ്യമസ്ഥാപനങ്ങളിൽ പരിശീലനം, പ്ലേസ്മെന്റ് സപ്പോർട്ട് എന്നിവ ലഭിക്കും. യോഗ്യത: ബിരുദം ഉയർന്നപ്രായപരിധി 30വയസ്. വിവരങ്ങൾക്ക്: കെൽട്രോൺ നോളേജ്സെന്റർ, രണ്ടാം നില, ചെമ്പിക്കളം ബിൽഡിങ്, ബേക്കറി ജംഗ്ഷൻ, വഴുതക്കാട്, തിരുവനന്തപുരം, 695014. ഫോൺ: 9544958182.

റാബീസ് ഫ്രീ കൊല്ലം പദ്ധതി മന്ത്രി ചിഞ്ചുറാണി ഉദ്ഘാടനം ചെയ്യുന്നു.

പേവിഷബാധ പ്രതിരോധത്തിന് ജാഗ്രത വേണം: മന്ത്രി ജെ. ചിഞ്ചുറാണി

കൊല്ലം: പേവിഷബാധയ്ക്കുള്ള സാഹചര്യം സംസ്ഥാനത്ത് പരിപൂർണ്ണമായി ഒഴിവാക്കുന്നതിന് സമയബന്ധിതമായി നടപടി സ്വീകരിക്കുമെന്ന് മൃഗസംരക്ഷണവും ക്ഷീരവികസനവും വകുപ്പ് മന്ത്രി ജെ. ചിഞ്ചു റാണി പറഞ്ഞു. ഇതിനായി തെരുവ് നായ്ക്കൾക്കും വളർത്തുമൃഗങ്ങൾക്കും വാക്സിൻ എടുക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ നടപ്പാക്കും. തെരുവ് നായ്ക്കളെ വന്ധ്യംകരിക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടത്തും. വളർത്തുമൃഗങ്ങളുടെ കടിയേറ്റാൽ ചികിത്സ തേടാതെ അവഗണിക്കുന്നത് പേ വിഷബാധയേറ്റുള്ള മരണങ്ങൾക്ക് പോലും കാരണമാകാറുണ്ട്. ഇക്കാര്യത്തിൽ പൊതുജനങ്ങളുടെ ഭാഗത്തുനിന്ന് ജാഗ്രത ഉണ്ടാകണമെന്നും മന്ത്രി പറഞ്ഞു. ജില്ലയിൽ നടപ്പിലാക്കുന്ന റാബീസ് ഫ്രീ കൊല്ലം പദ്ധതിയുടെ ഉദ്ഘാടനം ലാൽ ബഹദൂർ ശാസ്ത്രി സ്റ്റേഡിയത്തിന് സമീപം നടത്തിയ ചടങ്ങിൽ നിർവഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി. 2030 ഓടെ ജില്ലയിൽ തെരുവ് നായ്ക്കളുടെ ഉപദ്രവം പൂർണ്ണമായിഇല്ലാതാക്കുന്നതിനും പേവിഷബാധ ഉണ്ടാകുന്നതിനുള്ള സാഹചര്യങ്ങൾ ഇല്ലാതാക്കുന്നതിനും ലക്ഷ്യമിട്ടാണ് കമ്പാഷൻ ഫോർ ആനിമൽ വെൽഫെയർ അസോസിയേഷൻ എന്ന സംഘടനയുടെ കൂടി സഹകരണത്തോടെ കൊല്ലം മുനിസിപ്പൽ കോർപ്പറേഷനും മൃഗസംരക്ഷണ വകുപ്പും ചേർന്ന് റാബിസ് ഫ്രീ കൊല്ലം പദ്ധതി നടപ്പിലാക്കുന്നത്. ദേശീയ ക്ഷീരവികസന ബോർഡിന്റെ സ്ഥാപനമായ ഇന്ത്യൻ ഇമ്മ്യൂണോളജിക്കൽസ് ലിമിറ്റഡ് ഹൈദരാബാദിന്റെ സഹായവും ഈ പദ്ധതിക്കുണ്ട്. തെരുവ് നായ്ക്കൾക്ക് വാക്സിൻ നൽകുന്നതിനുള്ള മൊബൈൽ യൂണിറ്റിന്റെ ഫ്ലാഗ് ഓഫ് കർമ്മവും മന്ത്രി നിർവഹിച്ചു. മേയർ പ്രസന്ന ഏണസ്റ്റ് ചടങ്ങിൽ അധ്യക്ഷത വഹിച്ചു. കോർപ്പറേഷൻ ആരോഗ്യകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ പവിത്ര യു. പദ്ധതി വിശദീകരിച്ചു. ഡെപ്യൂട്ടി മേയർ കൊല്ലം മധു, വിവിധ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻമാർ, കൗൺസിലർമാർ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

റാബീസ് ഫ്രീ കൊല്ലം പദ്ധതിക്ക് തുടക്കം

ജി. ഗോപിനാഥൻ നായർ സ്മൃതി പുരസ്കാരം മന്ത്രി ജി.ആർ. അനിൽ ഏഴാച്ചേരി രാമചന്ദ്രന് സമർപ്പിക്കുന്നു.

ജി. ഗോപിനാഥൻനായർ സ്മൃതി പുരസ്കാരം ഏഴാച്ചേരിക്ക് സമർപ്പിച്ചു

തിരുവനന്തപുരം: ഐരാണിമുട്ടം തുഞ്ചൻ സ്മാരക സമിതിയുടെ സ്ഥാപക ജനറൽ സെക്രട്ടറിയും എഴുത്തച്ഛൻ നാഷണൽ അക്കാദമി സ്ഥാപകനുമായ ജി. ഗോപിനാഥൻ നായരുടെ എട്ടാമത് സ്മൃതി വാർഷികാചരണത്തോടനുബന്ധിച്ച് തുഞ്ചൻ സ്മാരക സമിതി ഏർപ്പെടുത്തിയ സ്മൃതി പുരസ്കാരം കവിയും ഗാനരചയിതാവുമായ ഏഴാച്ചേരി രാമചന്ദ്രനു മന്ത്രി ജി.ആർ അനിൽ സമർപ്പിച്ചു. പുരോഗമന ആശയങ്ങൾ കവിതയിലൂടെയും പ്രസംഗത്തിലൂടെയും എല്ലായിപ്പോഴും നമ്മളോട് വിളിച്ചു പറയാൻ ഏഴാച്ചേരി കാണിക്കുന്ന ആർജ്ജവത്തിന് അർഹമായ അംഗീകാരമാണ് പുരസ്കാരമെന്നും മന്ത്രി. തുഞ്ചൻ സ്മാരക മണ്ഡപത്തിൽ നടന്ന സമ്മേളനത്തിൽ ഡോ. ടി.ജി. രാമചന്ദ്രൻപിള്ള അധ്യക്ഷനായി. സി. ദിവാകരൻ, ഡോ. ജോർജ്ജ് ഓണക്കൂർ, പ്രൊഫ. കാട്ടൂർ നാരായണപിള്ള, സാക്ഷരതാ മിഷൻ ഡയറക്ടർ പ്രൊഫ. എ.ജി. ഒലീന, കെ.ആർ. അജയൻ, സുധ ഹരികുമാർ, പി.എ പിള്ള, ആറ്റുകാൽ ജി. കെ.മുരളീധരൻ തുടങ്ങിയവർ പങ്കെടുത്തു.

സൗരോർജ തെരുവുവിളക്ക് പദ്ധതിയുടെ ആദ്യഘട്ടം പൂർത്തിയാക്കി ക്രോംപ്ടൺ

തിരുവനന്തപുരം: തലസ്ഥാന നഗരത്തെ കൂടുതൽ പ്രഭാപൂരിതമാക്കി സൗരോർജ തെരുവുവിളക്ക് പദ്ധതിയുടെ ആദ്യഘട്ടം വിജയകരമായി പൂർത്തീകരിച്ച് ക്രോംപ്ടൺ.

രണ്ടായിരത്തിലധികം അത്യാധുനിക സൗരോർജ തെരുവുവിളക്കുകൾ തിരുവനന്തപുരം സൗരോർജ നഗരപദ്ധതിയുടെ ഭാഗമാകും. തിരുവനന്തപുരത്തെ ക്ലാസ് ബി, സി റോഡുകളെ മെച്ചപ്പെടുത്താൻ ക്രോംപ്ടൺ അതിവേഗം വിന്യസിച്ചു കൊണ്ടിരിക്കുന്ന സൗരോർജ തെരുവുവിളക്കുകൾ ഇവിടത്തെ സുരക്ഷിതത്വം മെച്ചപ്പെടുത്താനും കാർബൺ പുറത്തുവിടൽ കുറയ്ക്കാനും പാരിസ്ഥിതിക സുസ്ഥിരത ഉറപ്പാക്കാനും സാധിക്കുന്നു. അടുത്ത 5 വർഷങ്ങളിൽ തിരുവനന്തപുരത്തിന്റെ ഊർജ ഉപഭോഗം ഏതാണ്ട് 1.75 എംഡബ്ല്യുഎച്ച് ആയി കുറയ്ക്കാൻ പോകുന്ന ഈ പദ്ധതി ഗണ്യമാംവിധം കാർബൺ പുറത്തുവിടൽ കുറയ്ക്കുന്നതിനും സഹായിക്കും. സ്ഥാപിക്കാനും പരിപാലിക്കാനും എളുപ്പമാക്കുന്ന തരത്തിൽ രൂപകൽപ്പന ചെയ്തിരിക്കുന്നവയാണ് ഇവ. കൂടുതൽ ഹരിതാഭമായ ഭാവിയിലേക്കുള്ള കേരളത്തിന്റെ യാത്രയിൽ ഇത്തരം സുസ്ഥിര സംരംഭങ്ങളിലൂടെ പങ്കാളികളാകുന്നതിൽ അഭിമാനമുണ്ടെന്ന് ക്രോംപ്ടൺ ഗ്രീവ്സ് കൺസ്യൂമർ ഇലക്ട്രിക്കൽസ് ലിമിറ്റഡിന്റെ ലൈറ്റിങ്ങ് വൈസ് പ്രസിഡന്റും ബിസിനസ് ഹെഡുമായ ഷലീൻ നായക് പറഞ്ഞു.

പെരിങ്ങമ്മല കക്കാക്കുഴി ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിലെ അഷ്ടമിരോഹിണി ഉത്സവത്തിന് തുടക്കം കുറിച്ചുള്ള ദേശവിളക്ക് അശ്വതി തിരുനാൾ ഗൗരിലക്ഷ്മിബായി ഉദ്ഘാടനം ചെയ്യുന്നു.

കെഎസ്കെടിയു യൂണിറ്റ് രൂപീകരിച്ചു

പുനലൂർ: കെഎസ്കെടിയു പത്തേക്കർ യൂണിറ്റ് രൂപവത്ക്കരിച്ചു. പരിപാടി ചെമ്മന്തൂർ വില്ലേജ് കമ്മിറ്റി സെക്രട്ടറി എ. കെ. ജോസ് ഉദ്ഘാടനം ചെയ്തു. വിജയൻ അധ്യക്ഷനായി. ഷെമി ഭാനു, സന്തോഷ് എന്നിവർ പ്രസംഗിച്ചു. പുതിയ ഭാരവാഹികൾ: പ്രസിഡന്റ് രജനി വിജയൻ, വൈസ് പ്രസിഡന്റ് വിനീത്, സെക്രട്ടറി സിറാജ്, ജനറൽ സെക്രട്ടറി അലക്സ് എന്നിവർ തെരഞ്ഞെടുത്തു.

ദേശീയപാത; ഭൂവുടമകൾക്ക് ശരിയായ നഷ്ടപരിഹാരം നൽകണമെന്ന് എംപി

കൊല്ലം: ദേശീയപാത 744 കടമ്പാട്ടുകോണം - ഇടമൺ ഗ്രീൻഫീൽഡ് ഹൈവേക്കായി ഏറ്റെടുക്കുന്ന ഭൂമിയിലുള്ള വീടുകൾക്കും മറ്റ് നിർമാണങ്ങൾക്കും ശരിയായ നഷ്ടപരിഹാരം നൽകാൻ നടപടി സ്വീകരിക്കണമെന്ന് എൻ.കെ. പ്രേമചന്ദ്രൻ എംപി മുഖ്യമന്ത്രിയോടും റവന്യൂമന്ത്രിയോടും ചീഫ് സെക്രട്ടറിയോടും റവന്യൂ സെക്രട്ടറിയോടും കൊല്ലം ജില്ലാ കലക്ടറോടും ആവശ്യപ്പെട്ടു.

നിലവിൽ അവ പുതുതായി നിർമിക്കുന്നതിനുള്ള ചെലവ് എത്രയാകുമെന്നുള്ളതിന്റെ അടിസ്ഥാനത്തിൽ കാലപ്പഴക്കം കണക്കിലെടുക്കാതെ നഷ്ടപരിഹാരം നൽകണമെന്നും എംപി. ഗ്രീൻഫീൽഡ് ഹൈവേ ഭൂമി ഏറ്റെടുക്കുന്നതിന് ദേശീയപാത 66ൽ ഭൂമി ഏറ്റെടുത്തതിന് സമാനമായ വ്യവസ്ഥകളാണെന്ന് ദേശീയപാത അതോറിറ്റി ഉദ്യോഗസ്ഥരും റവന്യൂ അധികൃതരും ഭൂമി ഉടമകൾക്ക് ഉറപ്പ് നൽകിയതാണ്. എന്നാൽ 3ഡി വിജ്ഞാപനം പുറപ്പെടുവിച്ച ഭൂമി സംബന്ധിച്ച് ഉടമകൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് കാലതാമസം ഉണ്ടായി.

കേന്ദ്ര-സംസ്ഥാന സർക്കാരുകൾ തമ്മിൽ ഭരണപരമായ തീരുമാനം എടുക്കുന്നതിൽ വന്ന കാലതാമസമാണ് നഷ്ടപരിഹാര വിതരണം നീളാൻ കാരണം. ദേശീയപാത 66ന് വേണ്ടി ഏറ്റെടുത്ത ഭൂമിയിലുള്ള വീടുകൾക്കും മറ്റ് നിർമാണങ്ങൾക്കും നിലവിൽ അവ പുതുതായി നിർമിക്കുന്നതിനുള്ള ചെലവ് എത്രയാകുമെന്നുള്ളതിന്റെ അടിസ്ഥാനത്തിലാണ് നഷ്ടപരിഹാരം നൽകിയത്. ദേശീയപാത 744 ഗ്രീൻഫീൽഡ് ഹൈവേക്ക് ഭൂമി ഏറ്റെടുക്കാൻ ആരംഭിച്ച സമയത്ത് പ്രദേശങ്ങളിൽ വിളിച്ചുചേർത്ത യോഗങ്ങളിൽ ഭൂമിയിലുള്ള വീടുകൾക്കും മറ്റ് നിർമാണങ്ങൾക്കും നിലവിൽ അവ പുതുതായി നിർമിക്കുന്നതിനുള്ള ചെലവ് എത്രയാകുമെന്നുള്ളതിന്റെ അടിസ്ഥാനത്തിൽ നഷ്ടപരിഹാരം നൽകുമെന്നാണ് ദേശീയപാത അതോറിറ്റി ഉദ്യോഗസ്ഥരും റവന്യൂ അധികൃതരും നൽകിയ ഉറപ്പ്.2023 ഏപ്രിൽ 4ന് നൽകിയ ചെക്ക് ലിസ്റ്റിൽ ഉൾപ്പെടാത്ത വിവരങ്ങൾ റവന്യൂ അധികാരികൾ ഭൂവുടമകളോട് ആവശ്യപ്പെടുന്നത് പ്രദേശത്ത് ഗുരുതരമായ ആശയക്കുഴപ്പത്തിനും ആശങ്കയ്ക്കും ഇടവരുത്തിയിട്ടുണ്ട്. വീടുകളുടെയും ഇതര നിർമാണങ്ങളുടെയും കാലപ്പഴക്കം നിശ്ചയിക്കുന്നതിനുള്ള രേഖകൾ ഹാജരാക്കണമെന്ന് റവന്യൂ അധികാരികൾ ആവശ്യപ്പെടുകയാണ്.

കാലപ്പഴക്കത്തിന്റെ അടിസ്ഥാനത്തിൽ നഷ്ടപരിഹാരം നിശ്ചയിക്കുന്നത് നിയമത്തിന്റെ അന്തസത്തയ്ക്ക് വിരുദ്ധവും ഭൂവുടമകൾക്ക് നൽകിയ ഉറപ്പിന്റെ ലംഘനവുമാണ്. കാലപ്പഴക്കത്തിന്റെ അടിസ്ഥാനത്തിൽ നഷ്ടപരിഹാരം നിശ്ചയിക്കാനുള്ള നീക്കത്തിന്റെ ഭാഗമായിട്ടാണ് കാലപ്പഴക്കം തെളിയിക്കുന്ന രേഖകൾ ആവശ്യപ്പെട്ടതെന്ന ആശങ്കയിലാണ് ഭൂവുടമകൾ. ഭൂമി ഏറ്റെടുക്കലിന്റെ നഷ്ടപരിഹാര തുക പൂർണമായും കേന്ദ്രം വഹിക്കുന്ന സാഹചര്യത്തിൽ സംസ്ഥാനസർക്കാരിന്റെ ഭാഗത്തു നിന്നും ഭൂവുടമകൾക്ക് ന്യായമായും ലഭിക്കേണ്ട വീടിന്റെയും നിർമാണങ്ങളുടെയും നഷ്ടപരിഹാര തുക കുറയുന്ന തരത്തിലുള്ള നടപടി സ്വീകരിക്കുന്നത് ഉചിതമല്ല. അതിനാൽ നഷ്ടപ്പെടുന്ന വീടും നിർമാണങ്ങളും ഇന്നത്തെ നിലയിൽ പുനർനിർമിക്കാൻ ആവശ്യമായ തുകയുടെ അടിസ്ഥാനത്തിൽ നഷ്ടപരിഹാരം നിശ്ചയിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്നും എൻ.കെ. പ്രേമചന്ദ്രൻ എംപി.

കേന്ദ്ര-സംസ്ഥാന സർക്കാരുകൾ തമ്മിൽ ഭരണപരമായ തീരുമാനം എടുക്കുന്നതിൽ വന്ന കാലതാമസമാണ് നഷ്ടപരിഹാര വിതരണം നീളാൻ കാരണം.

റാങ്ക് പട്ടിക റദ്ദായി

കൊല്ലം: വിവിധ വകുപ്പുകളിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് രണ്ട് ഫസ്റ്റ് എൻസിഎ പട്ടികജാതി (കാറ്റഗറി നം. 209/2017) തസ്തികയുടെ റാങ്ക് പട്ടിക റദ്ദായി.

ഡിഗ്രി സീറ്റൊഴിവ്

മലയിൻകീഴ്: കേരളസർവകലാശാല നേരിട്ട് നടത്തുന്ന യുഐടി മലയിൻകീഴ് സെന്ററിൽ ബികോം ബിസിനസ് ഇൻഫർമേഷൻ സിസ്റ്റം (കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ്), ബിസിഎ എന്നീ വിഷയങ്ങളിൽ സീറ്റൊഴിവുണ്ട്. താൽപര്യമുള്ളവർ ഇന്നു രാവിലെ 11ന് മുമ്പായി അസൽ സർട്ടിഫിക്കറ്റുകളുമായി കോളെജിൽ നേരിട്ട് ഹാജരാകണം. എസ്സി, എസ്ടി, ഒഇസി, ഒബിസി (എച്ച്) വിഭാഗങ്ങളിൽ ഉള്ളവർക്ക് പൂർണ ഫീസിളവുണ്ട്. ഫോൺ: 9446589921, 9847299553.

പോക്സോ കേസ്: പ്രതിക്ക് 27 വർഷം കഠിനതടവും പിഴയും

തിരുവനന്തപുരം: പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ ലൈംഗികമായി പീഡിപ്പിച്ച പ്രതിക്ക് 27 വർഷം കഠിനതടവും ഒരുലക്ഷം രൂപ പിഴയും. കാട്ടാക്കട മാറനല്ലൂർ പുന്നാവൂർ അച്ചത്തുകോണം സുജാതഭവനിൽ വിനോദ് എന്ന കണ്ണനെ(35)യാണ് കാട്ടാക്കട അതിവേഗ പോക്സോ കോടതി ജഡ്ജി എസ്. രമേഷ്കുമാർ ശിക്ഷിച്ചത്. ഒരുലക്ഷം രൂപ പിഴ ഒടുക്കിയില്ലെങ്കിൽ 19 മാസം അധിക കഠിനതടവും അനുഭവിക്കണം. പിഴത്തുക അതിജീവിതയ്ക്ക് നൽകണമെന്നും വിധിന്യായത്തിൽ പറയുന്നു. 2021 ഓഗസ്റ്റ് 11നാണ് കേസിനാസ്പദമായ സംഭവം.

മാതാപിതാക്കൾ ഇല്ലാതിരുന്ന സമയം വീട്ടിൽ അതിക്രമിച്ചു കയറിയ പ്രതി കുട്ടിയെ വിവാഹവാദ്ഗാനം നൽകി നിർബന്ധിച്ച് ലൈംഗികപീഡനത്തിന് ഇരയാക്കുകയായിരുന്നു. പിന്നീട് കുട്ടിയുടെ സ്വഭാവത്തിൽ വന്ന മാറ്റത്തിനെ തുടർന്ന് കൗൺസിലിംഗിന് വിധേയമാക്കിയപ്പോഴാണ് പീഡനവിവരം പുറത്തുവന്നത്. മാറനല്ലൂർ ഇൻസ്പെക്ടർമാരായിരുന്ന തൻസിം അബ്ദുൽ സമദ്, ടി. സതികുമാർ എന്നിവരാണ് കേസ് അന്വേഷിച്ച് കുറ്റപത്രം സമർപ്പിച്ചത്.

പ്രോസിക്യൂഷൻ ഭാഗത്തു നിന്ന് 21 സാക്ഷികളെ വിസ്തരിക്കുകയും 26 രേഖകൾ ഹാജരാക്കുകയും ചെയ്തു. പ്രോസിക്യൂഷന് വേണ്ടി സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർ ഡി.ആർ. പ്രമോദ് ഹാജരായി.

വഴിമുക്കിലെ മദ്യവിൽപ്പന കേന്ദ്രത്തിനെതിരേ മന്ത്രിക്ക് നിവേദനം

ബാലരാമപുരം: വഴിമുക്കിൽ ദേശീയപാതയോരത്ത് ജനവാസ കേന്ദ്രത്തിൽ സ്വകാര്യ വ്യക്തി നടത്തുന്ന ഫോർസ്റ്റാർ ഹോട്ടലിൽ മദ്യ വിൽപ്പന നടത്തുന്നതിനെതിരേ എസ്വൈഎസ്, കേരള മുസ്ലീം ജമാഅത്ത് നെയ്യാറ്റിൻകര സോൺ കമ്മിറ്റി എന്നിവർ മന്ത്രിക്കും എക്സൈസ് ഡപ്യൂട്ടി കമ്മിഷണർക്കും നിവേദനം നൽകി. സ്കൂൾ, കോളെജ് വിദ്യാർഥികളുൾപ്പെടെ നിരവധി കാൽനടയാത്രക്കാർ പോകേണ്ടത് ഈ മദ്യശാലയുടെ മുന്നിൽ കൂടിയാണ്. നാട്ടിലെ സൗഹൃദാന്തരീക്ഷത്തിനു ഭംഗം വരുന്ന തരത്തിൽ മദ്യപന്മാരുടെ അഴിഞ്ഞാട്ടവും പരസ്യ മദ്യപാനവും പതിവു കാഴ്ചയാണ്. അതിനാൽ ജനവാസ കേന്ദ്രത്തിൽ മദ്യം വിളമ്പി നാട്ടിൽ അരാജകത്വം സൃഷ്ടിക്കരുതെന്നും നിവേദനത്തിൽ ആവശ്യപ്പെട്ടു. എസ്വൈഎസ് സംസ്ഥാന കൗൺസിൽ അംഗം സുധീർവഴിമുക്ക്, നെയ്യാറ്റിൻകര സോൺ സെക്രട്ടറി അസ്ഹറുദ്ദീൻ വഴിമുക്ക്, എക്സിക്യൂട്ടീവ് അംഗം ഇർഷാദ് എന്നിവരുടെ നേതൃത്വത്തിലാണു നിവേദനം നൽകിയത്.

GEO BROS MUTHOOT NIDHI LIMITED
(Formerly Geo Bros Muthoot Funds (India) Limited)
Registered Office: Muthoot Building, Vadayattukotta Road, Kollam - 691001
secdep@muthootgroup.com, CIN: U65991KL2002PLC015512

NOTICE

Notice is hereby given that the 31st Annual General Meeting of the members of Geo Bros Muthoot Nidhi Limited (Formerly Geo Bros Muthoot Funds India Limited) will be held on Monday, the 30th of September 2024 at 10.30 AM at the registered office of the Company at Muthoot Building, Vadayattukotta Road, Kollam, Kerala – 691001 to transact the business contained in the Notice convening the Annual General Meeting.

Annual Report for the financial year 2023-24 containing the Notice calling the Annual General Meeting, Directors Report, Auditors Report and Financial statements for the period ended 31st March 2024 is being displayed on the notice board at the Company's registered office.

A member entitled to attend, and vote is entitled to appoint a proxy to attend and vote instead of himself.

For and on behalf of the Board
Sd/-
Manoj Jacob
Director
(DIN: 00019016)

Kollam : 691001
Date: 22nd August 2024

സതേൺ റെയിൽവേ

(കൺസ്ട്രക്ഷൻ ഓർഗനൈസേഷൻ)
ഇ-ടെൻഡർ നോട്ടിസ് നമ്പർ. E/CN/ERS/TN/04/2024-25,
തിയതി: 16.08.2024

ഇന്ത്യൻ പ്രസിഡന്റിനും വേണ്ടിയും, ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ എഞ്ചിനീയർ, കൺസ്ട്രക്ഷൻ, സതേൺ റെയിൽവേ, എറണാകുളം ജംഗ്ഷൻ 682016, www.ireps.gov എന്ന പോർട്ടലിൽ നോട്ടീസ് ഇൻവിറ്റിംഗ് ടെൻഡർ (NIT) പ്രകാരം താഴെ പറഞ്ഞിരിക്കുന്ന ജോലികൾക്കായി ഇ-ടെൻഡറുകൾ ക്ഷണിക്കുന്നു. ടെണ്ടറിന് അപേക്ഷിക്കാൻ ഉദ്ദേശിക്കുന്ന ടെണ്ടർ / കരാറുകാർ www.ireps.gov.in എന്ന പോർട്ടലിൽ എൻറോൾ ചെയ്യണം. ഓൺലൈൻ ടെണ്ടറുകൾ ഖാന്തമേ സ്വീകരിക്കുകയുള്ളൂ. നിലവിലുള്ള ബാങ്കുകളുടെ നെറ്റ് ബാങ്കിംഗ്, ഡെബിറ്റ്, ക്രെഡിറ്റ് കാർഡ് വഴി വെബ്സൈറ്റിൽ ലഭ്യമായ ഓൺലൈൻ പേയ്മെന്റ് ഗേറ്റ്വേ വഴി ബിഡ് സെക്യൂരിറ്റി അടയ്ക്കണം.

ടെണ്ടർ നമ്പർ	ടെണ്ടർ നമ്പർ	ജോലിയുടെ പേര്
1	E.320/CN/ERS/OT/OHE-50R	ദക്ഷിണ റെയിൽവേയുടെ തിരുവനന്തപുരം ഡിവിഷനിലെ കുറ്റിപ്പുറം കോട്ടയം ഭാഗത്തെ സെക്ഷനുകളിലെ 25 കെ.വി.യിൽ ഓവർ ഹെഡ് എക്വിപ്മെന്റ് ശേഷിക്കുന്ന ജോലികൾ

Sl. No.	ടെണ്ടർ നമ്പർ.	ഏകദേശം പണത്തിന്റെ മൂല്യം ലക്ഷങ്ങളിൽ (₹)	ബിഡ് സെക്യൂരിറ്റി (₹)	ടെണ്ടർ പബ്ലിഷ് തിയതി	മാസങ്ങളിൽ പൂർത്തീകരണ കാലയളവ്
1	E.320/CN/ERS/OT/OHE-50R	39.66	79,300.00	12.09.2024	06 മാസം

ടെണ്ടർ ചെയ്യുന്നവർക്ക് ബാങ്ക് ഗ്യാരന്റി രൂപത്തിലും ബിഡ് സെക്യൂരിറ്റി സ്വരൂപിക്കാം.കൂടുതൽ വിവരങ്ങൾക്ക് www.ireps.gov.in എന്ന ഇന്റർനെറ്റ് സൈറ്റ് അല്ലെങ്കിൽ ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ എഞ്ചിനീയറുടെ കരാർ ഓഫീസ്, കൺസ്ട്രക്ഷൻ, ദക്ഷിണ റെയിൽവേ, എറണാകുളം ജംഗ്ഷൻ - 682 016 സന്ദർശിക്കുക.

ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ എഞ്ചിനീയർ / കൺസ്ട്രക്ഷൻ / എറണാകുളം ജംഗ്ഷൻ

pnb Housing Finance Limited Ghar Ki Baat

അനുബന്ധം-IV-എ- ഇ-ലേലം-പബ്ലിക് സെയിൽ നോട്ടിസ് ,സ്ഥാവര സ്വത്തുക്കളുടെ

2002ലെ സെക്യൂരിറ്റൈസേഷൻ ആൻഡ് റികൺസ്ട്രക്ഷൻ ഒഫ് ഫിനാൻഷ്യൽ അസറ്റസ് ആൻഡ് എൻഫോഴ്സ്മെന്റ് ഒഫ് സെക്യൂരിറ്റി ഇന്ററസ്റ്